# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3723 — 17-10-2011-ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകളുടെ മലിനീകരണം

ചോദ്യം :ശ്രീ. ഇ.പി.ജയരാജൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ജലസ്രോതസ്സുകൾ അനിയന്ത്രിതമായി മലിനമാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് കേന്ദ്ര ധനസഹായത്തോടെ ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ; | (ബി) കരമനയാറ്, കല്ലടയാറ്, അച്ചൻകോവിലാറ്, പമ്പ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാറ്, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം എന്നീ സംസ്ഥാനത്തെ പത്ത് പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിനായി മലിനീകരണവുമായി ബന്ധപ്പെട്ട ബൃഹത് പദ്ധതികൾ തയ്യാറാക്കുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2567 കോടി രൂപയുടെ മതിപ്പ് ചെലവുള്ള കർമ്മ പദ്ധതികളുടെ രൂപരേഖകൾ തയ്യാറാക്കി 1997-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. 320 കോടി രൂപ ചെലവുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യ ഘട്ടം നടപ്പിലാക്കാൻ 18.45 കോടി രൂപ 2003 നവംബറിൽ സംസ്ഥാന സർക്കാരിന് ലഭ്യമാക്കുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി നോഡൽ ഏജൻസിയായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) നദികളും പുഴകളും ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജല മലിനീകരണം തടയുന്നതിന് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് ഇപ്പോൾ നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) മലിനീകരണവുമായി ബന്ധപ്പെട്ട ബൃഹത് പദ്ധതികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിലാണ് തയ്യാറാക്കേണ്ടത്. ജലമലിനീകരണം തടയുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ